# മാർത്തോമ്മാ സൺഡേസ്കൂൾ സമാജം

## താലന്ത് പരിശോധന-2016

### സംഗീതം

| വകുപ്പ് | ഈസ്റ്റേൺ **Eastern** | നമ്പർ | വെസ്റ്റേൺ **Western** | നമ്പർ |
|---|---|---|---|---|
| നേഴ്സറി **Nursery** | Yesuve Ninte Roopamee<br>യേശുവെ നിന്റെ രൂപമീ | 402 | | |
| ശിശുവകുപ്പ് **Beginner** | Kurisseduthen Yesuvine<br>കുരിശെടുത്തൻ യേശുവിനെ | 230 | Onnumillaikayil Ninnenne<br>ഒന്നുമില്ലായ്കയിൽ നിന്നെന്നെ | 110 |
| ബാലവകുപ്പ് **Primary** | Thunayenikkesuvam<br>തുണയെനിക്കേശുവാം | 262 | Ninnishtam Deva.......<br>നിന്നിഷ്ടം ദേവാ | 227 |
| കുമാരവകുപ്പ് **Junior** | Neeyoshike Neeyoshike<br>നീയൊഴികെ | 215 | Kristhunamam Ettukol...<br>(From Christeeya Keerthanangal Music Edition) Appendix<br>ക്രിസ്തു നാമം ഏറ്റുകൊൾ... | 45 |
| മദ്ധ്യവകുപ്പ് **Intermediate** | Paapi Njan<br>പാപി ഞാൻ  മഹാ പാപി | 204 | Hallelujah Uyirthesu<br>(From Christeeya Keerthanangal Music Edition) Appendix<br>ഹല്ലെല്ലുയ്യ ഉയിർത്തേശു.... | 08 |
| ജേഷ്ഠവകുപ്പ് **Senior** | paramaguruvaranam..<br>പരമഗുരുവരനാം | 377 | Odikoodin Yesuvodu<br>(From Christeeya Keerthanangal Music Edition) Appendix<br>ഓടിക്കൂടിൻ യേശുവോടു | 02 |
| യുവവകുപ്പ് **Yuvavakup** | Ennu nee Vannidum..<br>എന്നു നീ വന്നീടും | 389 | Karthan Thanna nal vagdanam<br>(From Christeeya Keerthanangal Music Edition) Appendix<br>കർത്തൻ തന്ന നൽ വാഗ്ദാനം | 32 |

# ദിവ്യസംഗീതോത്സവം
## SACRED MUSIC FESTIVAL
(Jointly Organised by Samajam and DSMC

**ദി**വ്യശ്രീ. സി. വി. ഏബ്രഹാം കശ്ശീശായുടെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ മകൻ ശ്രീ. ജോർജ് സി. ഏബ്രഹാം (യു. എസ്. എ.) ഏർപ്പെടുത്തിയ എൻഡോവ്മെന്റിന്റെ അടിസ്ഥാനത്തിലുള്ള ദിവ്യസംഗീതോത്സവം സൺഡേസ്കൂൾ സമജ്ജത്തിന്റെയും ഡി. എസ്. എം. സിയുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തുന്നതാണ്.

**നിബന്ധനകൾ**

രണ്ട് വിഭാഗങ്ങളായാണ് പരിശോധന നടക്കുന്നത്.

1. ജൂനിയേഴ്സ് (കുമാര വകുപ്പിലെയും മദ്ധ്യവകുപ്പിലെയും കുട്ടികൾ)
2. സീനിയേഴ്സ് (ജ്യേഷ്ഠ വകുപ്പിലെയും യുവവകുപ്പിലെയും കുട്ടികൾ)
3. ഓരോ വിഭാഗത്തിലും കുറഞ്ഞത് 5 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. പരമാവധി 7 അംഗങ്ങൾക്ക് പങ്കെടുക്കാം. ഇത് ആൺകുട്ടുകളും പെൺകുട്ടികളും തനിച്ചോ, ഒരുമിച്ചോ സംഘമായി പാടാവുന്നതാണ്.
4. ഗാനാലാപനത്തിന് സംഗീതോപകരണങ്ങൾ പാടില്ല. എന്നാൽ ശ്രുതി നൽകുന്നതിന് ആവശ്യമെങ്കിൽ പിച്ച് പൈപ്പ്, മറ്റ് സംഗീത ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കാവുന്നതാണ്.
5. ഓരോ സൺഡേസ്കൂളിനും സെന്റർ തലത്തിൽ രണ്ടു വിഭാഗത്തിലുമായി ഓരോ ടീമിനെ വീതം അയയ്ക്കാവുന്നതാണ്.
6. പങ്കെടുക്കുന്ന ടീമംഗങ്ങളുടെ പേരും ജനനത്തീയതിയും രേഖപ്പെടുത്തി വികാരി അച്ചൻ സാക്ഷ്യപ്പെടുത്തിയ കത്ത് ഓരോ തലത്തിലും പങ്കെടുക്കുമ്പോൾ രജിസ്ട്രേഷൻ സമയത്ത് നൽകേണ്ടതാണ്.

   സെന്റർ തലത്തിൽ പങ്കെടുത്തു വിജയിച്ച ടീമിനു മാത്രമേ ഭദ്രാസന – കേന്ദ്ര തലങ്ങളിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
7. സെന്റർ – ഭദ്രാസനതലങ്ങളിലുള്ള ദിവ്യസംഗീതോത്സവം സമാജം താലന്തു പരിശോധനയോടൊപ്പം നടത്തേണ്ടതാണ്.

കഹനീത്താ ക്രമത്തിൽ നിന്നും ഓരോ വിഭാഗത്തിലും ജഡ്ജസ് തീരുമാനിക്കുന്ന രണ്ടു ഗീതങ്ങൾ പാടേണ്ടതാണ്. ഗീതങ്ങൾ അടങ്ങുന്ന കാസറ്റ് സമാജം ആഫീസിലും DSMC ആഫീസിലും നവംബർ 30–ാം തീയതി മുതൽ ലഭ്യമാണ്. ഇതു സംബന്ധിച്ച വിവരങ്ങൾക്ക് DSMC ആഫീസുമായി ബന്ധപ്പെടുക.

ഫോൺ: 0469-2601081

**Divya Sangeetholsavam 2016**

| Group | No. | Song | Page No. | Book |
|---|---|---|---|---|
| Juniors | 1. | Sodaranaharone Mose<br>സോദരനഹരോനേ | 11 | Kahaneethakramam<br>കഹനീത്താ ക്രമം |
| | 2. | Nrupanam Masiha<br>നൃപനാം മ്ശിഹാ | 21 | |
| | 3. | Vishudhar Sahitham<br>വിശുദ്ധർ സഹിതം | 23 | |
| | 4. | Manasode Maranam<br>മനസ്സോടെ മരണം | 62 | |
| Seniors | 1. | Ho marichavare<br>ഹോ മരിച്ചവരേ | 13 | Kahaneethakramam<br>കഹനീത്താ ക്രമം |
| | 2. | Vishudhar Sahitham<br>വിശുദ്ധർ സഹിതം | 14 | |
| | 3. | Masihayil Mruthare<br>മശിഹായിൽ മൃതരേ | 41 | |
| | 4. | Vishuadah Sabhaya<br>വിശുദ്ധ സഭയേ | 53 | |

# താലന്ത് പരിശോധന – 2016
## (ക്രിസ്തീയ കീർത്തനത്തിൽ ഇല്ലാത്ത പാട്ടുകൾ)

### ക്രിസ്തുനാമം ഏറ്റുകൊൾ

ക്രിസ്തുനാമം ഏറ്റുകൊൾ നീ
കഷ്ടാരിഷ്ടപ്പൈതലേ
സ്വാസ്ഥ്യം മോദമതു നൽകും
സർവ്വത്ര വഹിച്ചുകൊൾ

രത്നപ്പേർ എന്തിൻപം
ഭൂപ്രത്യാശ സ്വർഭാഗ്യം
രത്നപ്പേർ എന്തിൻപം
ഭൂപ്രത്യാശ സ്വർഭാഗ്യം

2 സദാ വഹിക്കേശുനാമം
അതാപത്തിൽ ഖേടകം
പരീക്ഷ ചുറ്റും വന്നീടിൽ
പ്രാർത്ഥിക്ക തൻ നാമത്തിൽ
(രത്നപ്പേർ)

3 എത്രമൂല്യനാമം യേശു
ചിത്തേ മോദം നിറെക്കും
നമ്മെത്താനാശ്ലേഷിക്കുമ്പോൾ
നമ്മുടെ നാവും പാടും
(രത്നപ്പേർ)

4 നമ്മുടെ യാത്ര തീർന്നു നാം
കുമ്പിട്ടേശുപാദത്തിൽ
സ്വർരാജരാജനായ് തന്നെ
ധരിപ്പിക്കും കിരീടം
(രത്നപ്പേർ)

### ഹാലേലൂയ്യാ ഉയിർത്തേശു

ഹാലേലൂയ്യാ ഉയിർത്തേശു
മേൽ ലോകത്തേക്കേറിനാൻ
മൃത്യു പാശം ഛേദിച്ചേശു
ആർത്തു മർത്ത്യർ ദൂതൻമാർ

ഉയിർത്തേശു ഉയിർത്തേശു
ജീവിച്ചെന്നും വാഴുന്നു
ഉയിർത്തേശു ഉയിർത്തേശു
ജീവിച്ചെന്നും വാഴുന്നു

2 ഹാലേലൂയ്യാ ഉയിർത്തേശു
തൻ സഭയ്ക്കു നാഥനായ്
നമ്മുടെ കാര്യസ്ഥനേശു
നേടി ആൽമദാനത്തെ
ഉയിർത്തേശു (2)
നീതി താൻ മർത്ത്യർക്കുമായ്

3 ഹാലേലൂയ്യാ ഉയിർത്തേശു
മുൾ ഇല്ലാതായ് മൃത്യുവും
ജീവനും ഉയിർപ്പും യേശു
ജീവൻ നൽകും ഏവർക്കും
ഉയിർത്തേശു (2)
ജീവകർത്തൻ വരും താൻ

### ഓടിക്കൂടിൻ യേശുവോടു

ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന
നല്ല ഓല കൈയിൽ ഏന്തുവീൻ
സീയോന്റെ ബാലർ ഏവരും

ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന

2 ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീടിൻ ഹോശാന
ഗർദ്ദഭവാഹനൻ പിമ്പിൽ
ആർത്തു ശബ്ദിപ്പിൻ ഹോശാന
(ഓടിക്കൂടീൻ)

3 ഓടിക്കൂടിൻ യേശുവോടു
പാടിച്ചൊല്ലീൻ ഹോശാന
ക്രൂശിങ്കലാമിതിൻ അന്തം
നാശദോഷമാകെ നീക്കാൻ
(ഓടിക്കൂടീൻ)

4 ഓടിക്കൂടീൻ യേശുവോടു
പാടിച്ചൊല്ലീൻ ഹോശാന
വെടിയല്ലേ, കൈവിടല്ലേ
അടിയാരെ ഒരിക്കലും
(ഓടിക്കൂടീൻ)

## കർത്തൻ തന്ന നൽ വാഗ്ദാനം

കർത്തൻ തന്ന നൽ വാഗ്ദാനം
ആർത്ത നാം സഞ്ചാരിക്കായ്
സ്വർഗ്ഗയാത്ര നീളെ നിന്നെ
ഞാൻ നടത്താം എൻ കണ്ണാൽ
ഞാൻ നടത്താം ഞാൻ നടത്താം
ഞാൻ നടത്താം എൻ കണ്ണാൽ
സ്വർഗ്ഗയാത്ര നീളെ നിന്നെ
ഞാൻ നടത്താം എൻ കണ്ണാൽ

2 പരീക്ഷകളാൽ ജിതനായ്
ധൈര്യമറ്റോനായ് തീർന്നാൽ
നിന്നിൽ ധ്വനിക്കട്ടെൻ വിളി
ഞാൻ നടത്താം എൻ കണ്ണാൽ
(ഞാൻ നടത്താം)

3 മുൻ കഴിഞ്ഞ കാലത്തോടെ
നിൻ പ്രത്യാശയകറ്റീടിൽ
പിന്നെയും കേൾ എൻ വാഗ്ദാനം
ഞാൻ നടത്താം എൻ കണ്ണാൽ
(ഞാൻ നടത്താം)

4 അന്ത്യവായു വന്നു ശീഘ്രം
മൃത്യു നേരമാകുമ്പോൾ
നിൻ വിശ്വസ്തനാഥൻ ചൊൽ കേൾ
ഞാൻ നടത്താം എൻ കണ്ണാൽ
(ഞാൻ നടത്താം)

# ദിവ്യസംഗീതോത്സവം 2016
## (സീനിയേഴ്സ്)

## ഗീതം (13)

ഹോ! മരിച്ചവരേ - പുനർജീവൻ - അടുത്തല്ലോ
ദുഃഖിക്കേണ്ടാ - ദേഹനാ - ശത്തിങ്കൽ
നിങ്ങളെ - സൃഷ്ടിച്ചോൻ - ദേഹത്തെ ഉയിർപ്പിച്ച്,
പ്രവർത്തിക്കൊത്തപോൽ - നീതിയായ് ഫലമേകും

മരിച്ചവരിടയിൽ - നീ താഴ്ത്ത - പ്പെട്ടല്ലോ,
പാതാളത്തിൽ - നീ യാത്ര - ചെയ്തല്ലോ
ആദാമിൻ - സുതരെ നീ - ഉയിർപ്പിപ്പാ - നെത്തുമ്പോൾ
നിന്നിൽ വി - ശ്വസിച്ചവരാം - അടിയാരെയും ഉയിർപ്പിക്ക

## ഗീതം (14)

വിരുദ്ധർ സഹിതം - അക്ഷയരാജ്യേ -
ദൈവകുമാരാ - നിന്നടിയാരാം -
ഞ - ങ്ങൾക്കും നീ - വിശ്രമമരുൾക

സ്തോത്രംപാടാൻ - ഞങ്ങളെയാക്കീ -
ട്ടെങ്ങടെ നാവി - ൽ തൻ സ്തുതിഗീതം -
നി - ക്ഷേപിച്ചാ - കർത്തൻ സ്തുത്യൻ

രാവും പകലും - തൻസ്തുതിപാടാൻ -
വിണ്ണവർ സഹിതം - മൺമയരെയും -
ചേ - ർത്താക്കരുണ - വാരിധി സ്തുത്യൻ

ജീവനിക്ഷേപ - തേജോമകുടം -
നീയാകേണമേ - ഞങ്ങളെ നാഥാ -
ത - മസ്സിൽ നിന്നു - വീണ്ടതുപോലെ

കോപക്കടലിൽ - വീഴാതെനീ -
രക്ഷിക്കേണമേ - തിരുസഭ തന്റെ -
മ - ക്കൾക്കെല്ലാം - കരുണാകവചം

നൽകി കാത്ത് - പാലിക്കണമേ -
നാഥാ നിന്നിൽ - നിൻ സഭയഭയം -
പ്രാപി - ച്ചല്ലോ - മേവീടുന്നു

ഉത്തരം അരുൾക - അരുൾക ദേവാ
അനുഗ്രഹിക്ക - മർത്ത്യർ ചിത്തം -
അ - നുതാപേ നീ വരുത്തീടണമേ.

## ഗീതം (41)

മശിഹായിൽ മൃതരേ നിങ്ങൾ ദുഃഖിക്കേണ്ടാ
ഫലമേകും പുനരുത്ഥാനദിനമടുക്കാറായി
അക്ഷയരായ്ക്കബറിൽ നിന്നുത്ഥാനം ചെയ്‌വീൻ
രാജസുതന്നെതിരേല്പിന്നായ് ശീഘ്രം, പുറപ്പെടുവിൻ -
തേജസ്സിന്നങ്കിയണിഞ്ഞുങ്കൊ -
ണ്ടവനെക്കീർത്തിപ്പിൻ, ആദാമിൻ
മക്കൾക്കുത്ഥാനം നൽകും നാഥാ ദയ ചെയ്ക
ശുബഹാ
നാഥാ തിരുസഭ നിന്നോടായ് പ്രാർത്ഥിക്കുന്നു.
നല്ലിടയാ നിന്നിടവക നിന്നോടർത്ഥിച്ചീടുന്നു
നിൻ മുൻപിൽ സഭയർപ്പിക്കും പ്രാർത്ഥനകേട്ട്
തൻ സുതരോടു നിരപ്പായ്, ക്ലേശങ്ങളിൽ നിന്ന്
അതിനെ നീ രക്ഷിച്ചീടണമേ.
അത് നിന്റെ ക്രൂശിനെ മുത്തുന്നു.
കർത്താവേ എൻ സ്തുതിയെന്നും ഉൽഘോഷിക്കുന്നു
നാഥാ അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കേണമേ.

## ഗീതം (53)

വിശുദ്ധസഭയേനിരപ്പതിലങ്ങിരിക്കണമിനിമേ - ലിൽ
ദേവനിണങ്ങിയ സോദരരും സോദരികളുമ - ഖിലം
അനുവദിച്ചെന്നെ - അയച്ചും സ്തുതിച്ചിരിപ്പിൻ
യോജിപ്പോടെ നിങ്ങളിങ്ങിരിപ്പീൻ
ജീവനിൽ ഞാൻ ചേരാനായി സമയമണഞ്ഞ - ല്ലോ
സാമോദം പരലോകത്തിൽ കാണാമൊരുമിച്ച്
ഹാലേലൂയ്യാ - നാഥാ ദയ ചെയ്ക ബാറക്മോർ
ശുബഹാ
വെടിപ്പിൻ കഹനൂസാ ദാസൻ നിരപ്പാലകന്നീടുക,
ഉയിർപ്പിൻ നാളതിലൊരുമിച്ചും എതിരേൽപിനു
തു - ണക്കും
വിശുദ്ധരിൽ കൂട്ടം - മുഖം തെളിഞ്ഞൊരുമിക്കും.
നിന്ദയിൻ സ്ളീബാ - സഹിച്ചവരൊന്നാകും
മരണമകറ്റിയും ജീവനതിൽ കടത്തീടും ക - ർത്താവും
നിനക്കനന്തരം സ്തുതി ഒരുമിച്ചങ്ങർപ്പിക്കും ദാ - സർ
ഹാലേലൂയ്യാ - സ്തുതിയവർ പാടീടും
നാഥാ അനുഗ്രഹിച്ചങ്ങളെ തുണയ്ക്കണമേ.

# ദിവ്യസംഗീതോത്സവം – 2016
## (ജൂനിയേഴ്സ്)

## ഗീതം (11)

സോദരനഹറോനെ മോശെ-ഗിരിയിൽ ആനയിച്ചു
ആചാര്യാങ്കികളെല്ലാം താൻ ഉരിയിച്ചവയേ-കി
ഏലിയാസർ-എന്നാചാര്യനായ്
അഹറോനെപ്പോൽ-ശുശ്രൂഷയ്ക്കായി
രക്ഷകനേ നിൻവരവോളം സഭയെ സംര-ക്ഷിക്ക
തെറ്റിയമാർഗ്ഗം പൂകാതെ ഞങ്ങളെ രക്ഷി-ക്കണേ-
ഹാ-ഉ-ഹാ

*പിതൃപുത്ര വിശുദ്ധാത്മാവിനു സ്തുതി*

ദൈവകുമാരൻ പ്രത്യക്ഷപ്പെട്ടാസിംഹാ-സനെ
നരവർഗ്ഗത്തെ വിധിപ്പാനായുപവേശിക്കു-മ്പോൾ
ദ്വാദശഗോത്ര-വിധിയേകാനായി
ദ്വാദശ പീഠ-ങ്ങൾ സജ്ജമാക്കും
തിരുരുധിരാൽ സമ്പാദിച്ച അജവൃന്ദത്തെ -നീ
രക്ഷിച്ചൻപൊടുകാക്കണമേ രക്ഷകനാം നാ-ഥാ-
ഹാ-ഉ-ഹാ

*നാഥാ, അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.*

## ഗീതം (21)

നൃപനാംമശിഹാ സിംഹാസനമേറുന്നാസ-മയം
സൃഷ്ടികളഖിലം തിരുമുമ്പിൽ പൂകി ഭ്രമിക്കു-ന്നു
സർവ്വവുമവിടെ-പ്രത്യക്ഷമാകും
ന്യായാധിപനും-വിധിയും ഭീകരം
പാപി തദാ സംഭീതൻ താൻ-ധന്യൻ ദൈവാ-ശ്രിതൻ
കനിവൊടുത്തരമരുളണമേ, കർത്താവേ നാ-ഥാ-
ഹാ-ഉ-ഹാ ബാറെക്മാർ

*പിതൃപുത്ര വിശുദ്ധാത്മനു സ്തുതി*

നാഥാ ഞങ്ങളെ നീ ദൂരെതെള്ളിയകറ്റ-രുതേ
നിന്നെ ഞങ്ങൾ ഈയുലകിൽ സ്തോത്രം ചെയ്തോരഹോ-
ഞങ്ങളെ ന്യായം-വിധിക്കുംനേരത്ത്
കൃപയോടെങ്ങൾ-മേൽ ദയ ചെയ്യേണമേ.
നാഥാ തവ വരവിങ്കൽ നിൻ-വത്സലരോടൊ-ഷം
നിൻവലഭാഗേ ഞങ്ങളെയും
നിർത്തണമേ-കൃ-പയാൽ
ഹാ-ഉ-ഹാ ബാറെക്മാർ

*നാഥാ, അനുഗ്രഹിച്ചെങ്ങളെ തുണയ്ക്കണമേ.*

## ഗീതം (23)

വിശുദ്ധർ സഹിതം-അക്ഷയരാജ്യേ-
ദൈവകുമാരാ-നിന്നടിയാരാം
ഞ-ങ്ങൾക്കും നീ-വിശ്രമമരുൾക.
ലോകമാർഗ്ഗത്തി-ലോരോ ഗോത്രം-
മുൻപിൽ നിന്നു-കൊണ്ടാടാനായ്
ത്വ-രയോടനിശം-ധ്യുതികൂട്ടുന്നു.
ദൈർഘ്യമേറും-പാലം കേറി-
പ്പോകാനായും-അന്ത്യത്തിങ്കൽ-
എ-ത്താനായും - ധ്യുതികൂട്ടുന്നു.
ജീവകാലത്ത്-ദൈവത്തെപ്പോൽ-
മർത്യനരുളും-അന്ത്യകാലത്തോ-
മൃഗതുല്യം താൻ മൃതിയിൽ വീഴും
ഇന്നലെയേറ്റം-ശോഭാശക്തി-
യുള്ളൊരചൻ-ഇന്നോ ഹതനായ്-
മൃ-തനായ് വീഴും-ദുർബലനല്ലോ-
ചാവിൻ കാസാ-മാറിപ്പോകാൻ-
പ്രാർത്ഥിച്ചോനേ-രണ്ടാം മരണം-
ഞ-ങ്ങളിൽനിന്നു-മാറ്റിത്തരണേ
ഉത്തരം അരുൾക-അരുൾക ദേവാ-
അനുഗ്രഹിക്ക-മർത്യർചിത്തം
അ-നുതാപേ നീ-വരുത്തീടണമേ.

## ഗീതം (62)

മനസ്സോടെ മരണം - പ്രാപിച്ചുയർപ്പീൻ
പ്രത്യാശതന്ന - നാഥാ സ്തോത്രം
മേലുള്ള യേറുശാ - ലേമ്മിൽ നിൻമുൻ-
നില്പാൻ നീ - ഞങ്ങളെ - യോഗ്യരാക്ക
കർത്താവേ, തിരുമു-ന്നടിയാർ ചെയ്ത -
അകൃത്യങ്ങൾ പോക്കി - ക്ഷമിച്ചീടണമേ.
തിരുമുൻപിൽ നിന്ന് - തള്ളാതെങ്ങളെ-
നരകത്തിൽ നിന്നു - രക്ഷിക്കണമേ.
സോദരരേ, നിങ്ങൾ - മറക്കാതെ മരണ
സമയമതോർത്തുകൊൾവീൻ - മണ്ണെത്ര നാം
ആവിപോൽ നമ്മുടെ - നാൾകൾ കടന്നു,
പോകുന്നെന്നെപ്പൊഴും - ഓർത്തീടുവിൻ.
ഉയിർപ്പും ജീവനും - നീയാകയാലെ -
അവരോടുകൂടെ - സ്തുതിപാടുമെങ്ങൾ.
നിനക്കും താതനും - വിശുദ്ധ റൂഹായ്ക്കും
എന്നെന്നേക്കും സ്തോത്രം - ആമ്മീനാമ്മീൻ